**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 30** **16-09-2025 - ൽ മറുപടിയ്ക്ക്**

**അവയവദാനം പ്രോത്സാഹിപ്പിക്കാൻ കെ-സോട്ടോ വഴി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ വി ശശി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | നിയമവിധേയമായും സുതാര്യമായും അവയവദാനം സാധ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | അവയവദാനവുമായി ബന്ധപ്പെട്ട് യാതൊരുവിധ സാമ്പത്തിക ഇടപെടലുകളും ഉണ്ടാകാതിരിക്കുന്നതിനും ഈ മേഖലയിലെ ചൂഷണം ഒഴിവാക്കുന്നതിനും അവയവദാന പ്രക്രിയ നിയമവിധേയവും സുതാര്യവുമായാണ് നടക്കുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതുണ്ട്. ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻസ് ആൻഡ് ടിഷ്യൂസ് ആക്ട്, 1994, ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻസ് ആൻഡ് ടിഷ്യൂസ് റൂൾസ്, 2014, 19.11.2010 ലെ 14931/എസ്2/2009/ ആ.കു.വ നമ്പർ വിജ്ഞാപനം എന്നിവയുടെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്ത് അവയവദാന പ്രക്രിയ നടന്നു വരുന്നത്.<br><br>കേന്ദ്ര നിയമങ്ങൾക്കനുസരിച്ച് രൂപീകരിച്ചിട്ടുള്ള ജില്ലാതല ഓതറൈസേഷൻ കമ്മിറ്റികൾ ബന്ധുവേതര അവയവദാനങ്ങളിൽ ഇടനിലക്കാരോ മറ്റ് പണമിടപാടുകളോ ഇല്ലെന്ന് ഉറപ്പുവരുത്തിയ ശേഷം മാത്രമേ ശസ്ത്രക്രിയക്ക് അനുമതി നൽകുകയുള്ളൂ. അവയവമാറ്റ ശസ്ത്രക്രിയയുമായി ബന്ധപ്പെട്ട് ജില്ലാതല ഓതറൈസേഷൻ കമ്മറ്റികളുടെ തീരുമാനങ്ങളിന്മേലുള്ള അപ്പീലുകൾ പരിശോധിക്കുന്നതിനായി 25.09.2024 ലെ സ.ഉ (കൈ)നം.242/2024/ആ.കു.വ പ്രകാരം വിവിധ തലത്തിലുള്ള വിദഗ്ധരെ ഉൾപ്പെടുത്തി ഒരു സ്റ്റേറ്റ് ലെവൽ ടെക്നിക്കൽ കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ അവയവം മാറ്റിവെയ്ക്കൽ പ്രക്രിയ കൂടുതൽ ഫലപ്രദമായി നടപ്പിലാക്കുന്നതിനായി 28.08.2024 ലെ സ.ഉ (അ) നം.78/2024/ ആ.കു.വ പ്രകാരം ഒരു ഉപദേശക സമിതി രൂപീകരിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | അവയവദാനവുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി രൂപീകരിച്ചിട്ടുള്ള കെ-സോട്ടോ (കേരള സ്റ്റേറ്റ് ഓർഗൻ ആൻഡ് ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ) കേന്ദ്ര നിയമങ്ങൾക്കനുസരിച്ച് അവയവദാനവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും നിയന്ത്രിച്ചു വരുന്നു. കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങൾ, പരിശോധനാ സംവിധാനങ്ങൾ, ഓഡിറ്റ് സംവിധാനങ്ങൾ എന്നിവ വികസിപ്പിക്കുകയും കാലാനുസൃതമായി പുതുക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ, അവയവമാറ്റ ശസ്ത്രക്രിയകൾ നടത്തുന്ന ആശുപത്രികൾക്ക് ലൈസൻസ് നൽകുന്നതും പുതുക്കുന്നതും അവരുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതും കെ-സോട്ടോയുടെ ചുമതലയാണ്. ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടാൽ ലൈസൻസ് റദ്ദ് ചെയ്യുന്നതുൾപ്പടെയുള്ള കർശനനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ഈ നടപടികളിലൂടെ സംസ്ഥാനത്ത് അവയവദാനം കൂടുതൽ സുതാര്യവും നിയമാനുസൃതവുമാക്കാൻ സാധിച്ചിട്ടുണ്ട്. |
| (ബി) | നിയമവിധേയമായ അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിനും ഈ മേഖലയിലെ ചൂഷണങ്ങൾ ഒഴിവാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; അവയവദാന നിരക്ക് കൂട്ടുന്നതിനും മരണാനന്തര അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിനുമായി കെ-സോട്ടോ വഴി പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | സംസ്ഥാനത്ത് നിയമപരമായ അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിനും ഈ രംഗത്തെ ചൂഷണങ്ങൾ ഒഴിവാക്കുന്നതിനും കെ-സോട്ടോ വഴി സർക്കാർ വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി "ജീവനേകാം ജീവനാകാം" എന്ന പേരിൽ സോഷ്യൽ മീഡിയാ ക്യാമ്പയിൻ, തിയേറ്ററുകളിൽ വീഡിയോ പ്രദർശനം, രജിസ്ട്രേഷൻ ഡ്രൈവുകൾ, ബോധവത്കരണ ക്ലാസുകൾ, മരണാനന്തര അവയവദാനം നടത്തിയ കുടുംബാംഗങ്ങളെ ആദരിക്കുന്നതിനുള്ള സംസ്ഥാനതല പരിപാടികൾ എന്നിവ സംഘടിപ്പിക്കുകയും തിരുവനന്തപുരം ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ "ജീവദാനം" പദ്ധതി നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. മസ്തിഷ്ക മരണം സ്ഥിരീകരിക്കുന്ന ഡോക്ടർമാർക്കും വിവിധ കമ്മിറ്റി അംഗങ്ങൾക്കും പ്രത്യേക പരിശീലനം നൽകിയിട്ടുണ്ട്. അവയവദാന നിരക്ക് വർദ്ധിപ്പിക്കുന്നതിനായി "ജീവനേകാം ജീവനാകാം" ക്യാമ്പയിൻ രണ്ടാം ഘട്ടം തുടങ്ങുന്നതിനും, സ്കൂൾ തലം മുതൽ ബോധവത്കരണം നൽകുന്നതിനായി ഓൺലൈൻ ക്വിസ് പ്രോഗ്രാം സംഘടിപ്പിക്കുന്നതിനും കുടുംബശ്രീ, എൻ.ജി.ഒ.കൾ എന്നിവയുമായി സഹകരിച്ച് കൂടുതൽ പരിപാടികൾ നടത്തുന്നതിനുമുള്ള നടപടികൾ കെ-സോട്ടോ സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) | സംസ്ഥാനത്ത് നടക്കുന്ന അവയവദാനം നീതിപൂർവ്വമാണെന്ന് ഉറപ്പുവരുത്തുന്നതിന് സമഗ്ര | (സി) | സംസ്ഥാനത്ത് നടക്കുന്ന അവയവദാനം നീതി പൂർവ്വമാണെന്ന് ഉറപ്പുവരുത്തുന്നതിന് സമഗ്ര |

| | | | |
|---|---|---|---|
| | മാർഗനിർദേശവും എസ്. ഒ. പി. യും തയാറാക്കിയ ഏകസംസ്ഥാനമായി കേരളം മാറിയിട്ടുണ്ടോ; വിശദമാക്കാമോ; | | മാർഗനിർദേശവും എസ്.ഒ.പി (Standard Operating Procedure) യും തയ്യാറാക്കിയ ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനമാണ് കേരളം. ഈ മാതൃക പിന്നീട് മറ്റു പല സംസ്ഥാനങ്ങളും പിന്തുടർന്ന് സമാനമായ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ നടപടികളിലൂടെ അവയവദാന രംഗത്തെ സുതാര്യതയും നീതിയും ഉറപ്പാക്കാൻ സംസ്ഥാനത്തിന് സാധിച്ചിട്ടുണ്ട്. |
| (ഡി) | സംസ്ഥാനത്ത് നടന്നതായി പറയപ്പെടുന്ന നിയമവിധേയമല്ലാത്ത അവയവദാനം സംബന്ധിച്ച് പരിശോധന നടത്തിയിരുന്നോ; രാജ്യാന്തര ബന്ധങ്ങളുള്ള അവയവ റാക്കറ്റിന്റെ കണ്ണികൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | അവയവം മാറ്റിവയ്ക്കലുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള ചൂഷണമോ നിയമവിരുദ്ധമായ സാമ്പത്തിക ഇടപാടുകളോ തടയുന്നതിന് ആയി 'Certificate of Altruism' നൽകുന്നതിന് മുമ്പായി ബന്ധപ്പെട്ട അധികാരികൾ ജാഗ്രതയോടെയും സമഗ്രമായും അന്വേഷണം നടത്തുന്നതിനും ദാതാവും സ്വീകർത്താവും തമ്മിലുള്ള ബന്ധത്തിന്റെ എല്ലാ വശങ്ങളും പരിശോധിക്കുന്നതിനും പോലീസ് അധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>രാജ്യാന്തര തലത്തിൽ പ്രവർത്തിക്കുന്ന അവയവമാഫിയ സംഘത്തിന്റെ വേരുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് നെടുമ്പാശ്ശേരി പോലീസ് സ്റ്റേഷൻ ക്രൈം നം.544/2024 U/s 370, 34 IPC & 19 (a) (b) (c) of Transplantation of Human Organs and Tissues Act 1994 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിരുന്നു. ഈ കേസിൽ 1) മധു ജയകുമാർ, 2) സാബിത്ത് നാസർ, 3) സജിത്ത് ശ്യാം, 4) പ്രതാപൻ എന്ന് വിളിക്കുന്ന ബെല്ലംകൊണ്ട് രാമപ്രസാദ് എന്നീ പ്രതികൾ ഉൾപ്പെട്ടതായി കണ്ടെത്തിയിരുന്നു. ഇതിൽ ഒന്നാം പ്രതി ഒഴികെ ബാക്കിയുള്ള പ്രതികളെ അറസ്റ്റ് ചെയ്തിരുന്നു. ഒന്നാം പ്രതിക്കെതിരെ Blue Corner നോട്ടീസ് പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിരുന്നു. 01.07.2024- F.No. 11011/66/2024/12. പ്രകാരം കേന്ദ്ര ആഭ്യന്തര മന്ത്രാലയം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം ടി കേസിന്റെ അന്വേഷണം NIA യ്ക്ക് കൈമാറിയിട്ടുണ്ട്.<br><br>അവയവദാനവുമായി ബന്ധപ്പെട്ടതും അവയവദാന റാക്കറ്റിൽ അകപ്പെടുകയും കബളിപ്പിക്കപ്പെടുകയും ചെയ്തതുമായി ബന്ധപ്പെട്ട് കേരളത്തിലെ വിവിധ പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്ത കേസുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. Cr.No.541/2024 Uts 120 (B),511, 417, 370, 506 lPC,& Sec.3(2)(va) of the SC/ST (PoA) 1989 (Amendment 2015) & |

| | | | |
|---|---|---|---|
| | | | Sec. 1 9 (a),(b),(g) of the Transplantation of Human Organs and Tissues Act-1994. (കടയ്ക്കാവൂർ പോലീസ് സ്റ്റേഷൻ)<br>2. Cr.No.4071/2011 U/s 18, 19(a),6 rlw 297 Transplantation of Human Organs Act (പനങ്ങാട് പോലീസ് സ്റ്റേഷൻ)<br>3. Cr.No.307/2018 U/s 19(a)(b)(c) Transplantation of Human Organs Act, 506(1)294(b0 & 34 IPC (പനങ്ങാട് പോലീസ് സ്റ്റേഷൻ)<br>4. Cr.No.36/2025 U/s 420,34 IPC & l9 of Transplantation of Human Organs Act (പനങ്ങാട് പോലീസ് സ്റ്റേഷൻ)<br>5. Cr.No.1068/2024 U/s 465, 471 IPC & 20 of Transplantation of Human Organs Act-1994 (എരുമപ്പെട്ടി പോലീസ് സ്റ്റേഷൻ)<br>6. Cr.No.394/16 U/s 19 Transplantation of Human Organs Act (അത്രൂർ പോലീസ് സ്റ്റേഷൻ)<br>7. Cr. No. 1443/18 U/s 19 (a)(b)(c) of Transplantation of Human Organs Act (അമ്പലപ്പുഴ പോലീസ് സ്റ്റേഷൻ)<br>8. Cr.No.427/25 U/s 316(2), 318(4), 3(5) BNS (പാരിപ്പള്ളി പോലീസ് സ്റ്റേഷൻ)<br>9. CB Crime No.431/CR/12 U/s 465, 468, 471 IPC & Sec. 19 of Transplantation of Human Organs and Tissues Act. (ക്രൈം ബ്രാഞ്ച്, കോഴിക്കോട്)<br>10. Crime 209/CB/TSR/2020 U/s 417, 119, 120 (B) IPC & 19 (a) (b) (c) (d) of Transplantation (ക്രൈം ബ്രാഞ്ച്, തൃശ്ശൂർ) |

സെക്ഷൻ ഓഫീസർ